# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3853 — 31.01.2014- ൽ മറുപടിക്ക്

## സഹകരണ വകുപ്പ് ചെലവഴിച്ച ബഡ്ജറ്റ് വിഹിതം

**ചോദ്യം** — **മറുപടി**

**ശ്രീ. ജി. സുധാകരൻ :**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) 2012-13 എൻ.ആർ.സി (എൽ.റ്റി.ഒ.) പദ്ധതിയിനത്തിൽ എത്ര ലക്ഷം രൂപ അനുവദിച്ചുവെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദാംശം നൽകുമോ;

ബി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾക്കാണ് നബാർഡ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(എ) യും (ബി) യും: 2012-13 സാമ്പത്തിക വർഷം എൻ.ആർ.സി. (എൽ.റ്റി.ഒ.) പദ്ധതിയിനത്തിൽ 1100.00 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും ഈ പദ്ധതിയിനത്തിൽ ധനസഹായം അനുവദിക്കുന്നതിന് നബാർഡ് പോളിസി ലഭിക്കാത്തതിനാൽ ടി തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

ടി തുക ധനപുനർവിനിയോഗം ചെയ്ത് സംസ്ഥാന പദ്ധതിയിൽ പ്രൈമറി സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ധനസഹായം നൽകുന്ന സ്കീമിൽ ഉൾപ്പെടുത്തി ജില്ലാ സഹകരണ ബാങ്കുകളുടെ സി.ആർ.എ.ആർ നിലവാരം വർദ്ധിപ്പിക്കുന്നതിനും ഓഹരി മൂലധന അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനുമായി ടി തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്.

സി) 2013-14 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്നും ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കുകയുണ്ടായി എന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

(സി) 2013-14 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് ആകെ 10950.03 ലക്ഷം രൂപ അനുവദിച്ചതിൽ 3278.75 ലക്ഷം രൂപ (29.94%) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

| | ചെലവായ തുക | ചെലവ് ശതമാനത്തിൽ |
|---|---|---|
| സംസ്ഥാന പദ്ധതികൾ | 1953.14 ലക്ഷം രൂപ | 24.57% |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ/ എൻ.സി.ഡി.സി. പദ്ധതികൾ | 1325.61 ലക്ഷം രൂപ | 44.19% |
| ആകെ | 3278.75 ലക്ഷം രൂപ | 29.94% |

സെക്ഷൻ ഓഫീസർ